"ഭരണഭാഷ - മാതൃഭാഷ"

നം. ഇ 1/39601/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 15.11.2017
ഫോൺ: 0471-2303107

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - എയ്ഡഡ് കോളേജുകൾ - അനദ്ധ്യാപക വിഭാഗം - പ്രൊമോഷനുകൾ - അദാലത്ത് - സംബന്ധിച്ച്.

സൂചന:- 25.10.2017-ൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ ചേംബറിൽ നടന്ന എയ്ഡഡ് കോളേജ് ജീവനക്കാരുടെ മീറ്റിങ്.

*****

എയ്ഡഡ് കോളേജുകളിൽ അനദ്ധ്യാപക തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ പ്രൊമോഷനുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ വകുപ്പിന് മേൽ സൂചന മീറ്റിങ്ങിൽ നിർദ്ദേശം ലഭിച്ചിരുന്നു. ടി തീരുമാനം നടപ്പാക്കുന്നതിന്റെ ആദ്യ പടിയായി ദേവസ്വം ബോർഡ്, എൻ.എസ്.എസ്, എസ്.എൻ തുടങ്ങിയ മാനേജുമെന്റുകൾക്കു കീഴിലുള്ള കോളേജുകളിലെ ജീവനക്കാർക്കായി കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ വച്ച് അദാലത്ത് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അദാലത്തിൽ ഒരു മാനേജുമെന്റ് പ്രതിനിധിയും മാനേജുമെന്റിനു കീഴിലെ ഓരോ കോളേജിൽ നിന്നും ഒരു സൂപ്രണ്ടും ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന ഒരു ക്ലാർക്കും പങ്കെടുക്കേണ്ടതാകുന്നു. അദാലത്തിന്റെ തീയതിയും സമയക്രമവും ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച വിവരവും ചുവടെ ചേർക്കുന്നു.

| തീയതി | സമയം | മാനേജ്മെന്റിന്റെ പേര് |
|---|---|---|
| 2017 ഡിസംബർ 11 | രാവിലെ 11 മണി മുതൽ 1 വരെ | എസ്.എൻ |
| 2017 ഡിസംബർ 12 | രാവിലെ 11 മണി മുതൽ 1 വരെ | എൻ.എസ്.എസ് |
| 2017 ഡിസംബർ 13 | രാവിലെ 11 മണി മുതൽ 1 വരെ | ദേവസ്വം ബോർഡ് |

0546160

GOVERNMENT OF KERALA

**അദാലത്തിന് മുമ്പ് / വരുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ ചുവടെ ചേർക്കുന്നു.**

1. അനദ്ധ്യാപക ജീവനക്കാരുടെ യൂണിവേഴ്സിറ്റി തിരിച്ചുള്ള സീനിയോറിട്ടി ലിസ്റ്റ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ "എയ്ഡഡ് കോളേജസ് സർക്കുലർ" എന്ന ലിങ്കിൽ പുതുതായി പ്രസിദ്ധീകരിച്ചിട്ടുള്ള മാതൃകയിൽ തയ്യാറാക്കി, ടി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പരാതിയില്ല എന്ന ഡിക്ലറേഷൻ സഹിതം അദാലത്തിൽ പങ്കെടുക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ സഹിതം നവംബർ 30 ന് മുമ്പ് കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാകുന്നു. നവംബർ 30 നകം സീനിയോറിട്ടി ലിസ്റ്റ് സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രമെ മേൽ പ്രസ്താവിത അദാലത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ഈ ഓഫീസിനു പരിശോധിക്കുന്നതിനും നടപടി എടുക്കുന്നതിനും സാധിക്കുകയുള്ളു.
2. മേൽ പ്രസ്താവിത സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെട്ടതും ഈ ഓഫീസിലേയ്ക്ക് പ്രൊപ്പോസൽ അയച്ചതും ഈ കാര്യാലയത്തിൽ നിന്ന് പ്രൊമോഷൻ അംഗീകരിച്ചുത്തരവ് ലഭിക്കാത്തവരുടെയും ലിസ്റ്റ്.
3. മേൽ പ്രസ്താവിത ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരുടെ പ്രൊമോഷൻ പ്രൊപ്പോസൽ ചുവടെ ചേർത്തിരിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്ത് സിനിയോറിട്ടി ക്രമത്തിൽ ലിസ്റ്റ് സഹിതം അദാലത്തിൽ സമർപ്പിക്കുക.

**രേഖകൾ**

* പൂരിപ്പിച്ച പ്രൊർഫോർമകൾ (സർക്കുലർ നം.ഇ1/21739/2016/കോ.വി.വ, തീയതി 15.10.2016 പ്രകാരം) (വെബ്സൈറ്റ് കാണുക)
* പ്രിറിവൈസ്ഡ് പാറ്റേൺ
* റിവൈസ്ഡ് പാറ്റേൺ
* ജോയിനിംഗ് റിപ്പോർട്ട്
* സീനിയോറിട്ടി സർട്ടിഫിക്കറ്റ്
* പ്രൊമോഷൻ ആവശ്യപ്പെടുന്ന കാലയളവിൽ പ്രിറിവൈസ്ഡ് പാറ്റേൺ പ്രകാരം ബന്ധപ്പെട്ട ഗ്രൂപ്പിൽ സൂപ്പർ ന്യൂമററിയായി സേവന മനുഷ്ഠിക്കുന്നവരുടെ എണ്ണവും പേരുവിവരങ്ങളും.
* പേ-ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് (പുതുതായി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതു പ്രകാരം)
* ഒഴിവിന്റെ വിവരങ്ങൾ

0547159
GOVERNMENT OF KERALA

* സീനിയറായ ജീവനക്കാരന്റെ പ്രൊമോഷൻ ഈ കാര്യാലയത്തിൽ നിന്നും അംഗീകരിച്ചുനൽകിയ ഉത്തരവിന്റെ പകർപ്പ്/പ്രൊമോഷൻ അംഗീകരിച്ചു നൽകിയിട്ടില്ലായെങ്കിൽ അദാലത്തിൽ സമർപ്പിച്ച സീരിയൽ നമ്പർ.
* പ്രൊമോഷൻ ആവശ്യപ്പെടുന്ന വർഷത്തെ എല്ലാ മാസത്തെയും ശമ്പള ബില്ലിന്റെ പകർപ്പ്.
* പ്രൊമോഷൻ ആവശ്യപ്പെടുന്ന വർഷത്തെ അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ്.
* പ്രൊമോഷൻ ആവശ്യപ്പെടുന്ന ഗ്രൂപ്പിലെ വിവരങ്ങൾ.( ഇ1/21739/2016/കോ.വി.വ, തീയതി 15.10.2016 പ്രകാരമുള്ള സർക്കുലറിനോടൊപ്പമുള്ളത്)
* പ്രൊമോഷൻ ഉത്തരവും സേവന പുസ്തകവും.

ഒപ്പ്/-
എം.എസ്.ജയ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. സെക്രട്ടറി, ശ്രീനാരായണ ട്രസ്റ്റ്, കൊല്ലം- 691001
(മേൽ പ്രസ്താവിത അദാലത്തിൽ പങ്കെടുക്കുന്നതിന് താങ്കളുടെ മാനേജ്മെന്റിനു കീഴിലെ ഓരോ കോളേജിൽ നിന്നും ഒരു സൂപ്രണ്ടിനെയും ഒരു ക്ലാർക്കിനെയും നിയോഗിക്കേണ്ടതാകുന്നു.)
2. സെക്രട്ടറി, എൻ.എസ്.എസ് സെൻട്രൽ കമ്മിറ്റി, ചങ്ങനാശ്ശേരി
(മേൽ പ്രസ്താവിത അദാലത്തിൽ പങ്കെടുക്കുന്നതിന് താങ്കളുടെ മാനേജ്മെന്റിനു കീഴിലെ ഓരോ കോളേജിൽ നിന്നും ഒരു സൂപ്രണ്ടിനെയും ഒരു ക്ലാർക്കിനെയും നിയോഗിക്കേണ്ടതാകുന്നു.)
3. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
നന്ദൻകോട്, തിരുവനന്തപുരം
(മേൽ പ്രസ്താവിത അദാലത്തിൽ പങ്കെടുക്കുന്നതിന് താങ്കളുടെ മാനേജ്മെന്റിനു കീഴിലെ ഓരോ കോളേജിൽ നിന്നും ഒരു സൂപ്രണ്ടിനെയും ഒരു ക്ലാർക്കിനെയും നിയോഗിക്കേണ്ടതാകുന്നു.)
4. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
(വെബ്സൈറ്റിൽ ഇടുന്നതിന്)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ഡി.ജി.17.11.2017

## പ്രൊഫോർമ - 11
## ശമ്പള നിർണ്ണയ പട്ടിക
## (പത്താം ശമ്പള പരിഷ്ക്കരണ പ്രകാരം)

..............................തീയതിയിലെ ......................................നമ്പർ ഉത്തരവ് പ്രകാരം......................................തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീ/ശ്രീമതി.....................................യുടെ/ന്റെ (സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിലെ) ശമ്പള നിർണ്ണയ പട്ടിക.

| | | |
|---|---|---|
| സ്ഥാനക്കയറ്റം ലഭിച്ച് ജോലിയിൽ പ്രവേശിച്ച തീയതി | : | |
| സ്ഥാനക്കയറ്റം ലഭിക്കുന്നതിനു മുൻപുള്ള ശമ്പളവും ശമ്പളസ്കെയിലും | : | |
| സ്ഥാനക്കയറ്റം ലഭിക്കുന്നതിനു മുൻപുള്ള ശമ്പളത്തോടൊപ്പം ഒരു നോഷണൽ ഇൻക്രിമെന്റ് ..........രൂപ കൂട്ടിയാൽ കിട്ടുന്ന ശമ്പളം | : | |
| സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിലെ ശമ്പള സ്കെയിലിൽ KSRS Part I Rule 28 A പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ നിശ്ചയിക്കുന്ന ശമ്പളവും പ്രാബല്യ തീയതിയും | : | |
| അടുത്ത ഇൻക്രിമെന്റ് തീയതി | : | |

ഒപ്പ്/-
എം.എസ് ജയ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വഴി/ജി/17.11.2017

0547161

GOVERNMENT OF KERALA

### യൂണിവേഴ്സിറ്റിയുടെ പേര്

### തസ്തിക

### (പ്രാബല്യത്തീയതിയിൽ)

| 1 | 2 | 3 | 4 | 5 | 6 | 7 | | | 8 | | | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | ജീവനക്കാരന്റെ പേര് കോളേജ് | നിലവിലുള്ള തസ്തിക | ജനന തീയതി | യോഗ്യത (അക്കാഡമിക് & ഡിപ്പാർട്ട്മെന്റൽ) | ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ (50 വയസ്സ്, എസ്.സി, എസ്.റ്റി എന്നിവയാണോ എന്ന് വ്യക്തമാക്കണം | എൻട്രി പോസ്റ്റിന്റെ നിയമന വിവരങ്ങൾ | | | നിലവിലുള്ള തസ്തികയിൽ നിയമിച്ചതിന്റെ വിവരങ്ങൾ | | | പ്രൊമോഷൻ റിലിങ്ക്വിഷ് ചെയ്തിട്ടുണ്ടോ | എൽ.ഡബ്ല്യു.എ യുടെ വിവരങ്ങൾ | തസ്തിക തരംതാഴ്ത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ | റിമാർക്ക്സ് |
| | | | | | | നിയമനം നേടിയ തസ്തിക | സർവ്വീസിൽ പ്രവേശിച്ച തീയതി | ഡി.സി.ഇ-യിൽ നിന്നും നിയമനാംഗീകാരം നൽകിയ ഉത്തരവ് നം. തീയതി (നിയമനാംഗീകാരം നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം) | തസ്തികയുടെ പേര് | ജോലിയിൽ പ്രവേശിച്ച തീയതി | ഡി.സി.ഇ-യിൽ നിന്നും നിയമനാംഗീകാരം നൽകിയ ഉത്തരവ് നം. തീയതി (നിയമനാംഗീകാരം നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം) | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |

ഒപ്പ്/-

എം.എസ്.ജയ.ഐ.എ.എസ്

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

0546414

GOVERNMENT OF KERALA